D3AML2302 (2 Pages) Name............................
Reg.No..........................

**THIRD SEMESTER M.A. DEGREE EXAMINATION, NOVEMBER 2024**
**(Regular/Improvement/Supplementary)**

**MALAYALAM**
**FMAL3C10 - മലയാള സാഹിത്യ വിമർശനം**

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. കെ. സരസ്വതിയമ്മയുടെ കഥകൾക്ക് പുതിയ അർത്ഥതലങ്ങൾ ജെ. ദേവിക കണ്ടെത്തിയിരിക്കുന്നതെങ്ങനെ?
2. നിരൂപകൻ പക്ഷപാതിയായിരിക്കണമെന്ന് മാരാർ സ്ഥാപിക്കുന്നതെങ്ങനെ?
3. ശകുന്തളയുടെ സ്ത്രീത്വത്തെ കാളിദാസൻ രേഖപ്പെടുത്തിയിരിക്കുന്നതിലെ വൈരുദ്ധ്യം മുണ്ടശ്ശേരി ചൂണ്ടിക്കാട്ടുന്നതെങ്ങനെ?
4. ജാതി–ജന്മി വ്യവസ്ഥകളിലൂടെ അരികുവൽക്കരിക്കപെട്ട ദളിതരുടെ ജീവിതം സ്വത്വ പരിസരങ്ങളിലുണ്ടാക്കിയ ചലനം എന്തായിരുന്നു?
5. വള്ളത്തോൾ മഹാകാവ്യം എഴുതുന്നു എന്നു കേട്ടപ്പോഴുണ്ടായ പ്രതീക്ഷ ആ കൃതി വായിച്ചപ്പോൾ നഷ്ടമായിപ്പോയി എന്ന് ആശാൻ പറയുന്നതെന്തുകൊണ്ട്?
6. സി.വി. യുടെ കഥാപാത്രനിർമ്മിതിയെ സ്വദേശാഭിമാനി വിമർശനവിധേയമാക്കിയിരിക്കുന്നതെങ്ങനെ?
7. കലയുടെ ശാസ്ത്രീയവശത്തെ പാശ്ചാത്യ ദർശനങ്ങളോട് ചേർത്ത് വക്കം അബ്ദുൾ ഖാദർ വിശദീകരിക്കുന്നതെങ്ങനെ?

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. ഫ്രോയിഡിന്റെ സിദ്ധാന്തങ്ങൾ ഫ്യൂച്ചറിസത്തെ സ്വാധീനിച്ചിരിക്കുന്നതെങ്ങനെ?
9. ആശാൻ കവിതയിലെ വിഷാദാത്മതയെ ഡോ: കെ.ഭാസ്കരൻ നായർ വിലയിരുത്തുന്നതെങ്ങനെ?

10. ഹാംലെറ്റിന്റെ രോഗം ഈഡിപ്പസ് കോംപ്ലെക്സാണെന്ന് മനശാസ്ത്ര തത്വങ്ങിലൂടെ തെളിയിക്കപ്പെട്ടതെങ്ങനെ?

11. പൂതപ്പാടിന്റെ കഥന രീതിയെപ്പറ്റിയുള്ള ഇടശ്ശേരിയുടെ നിലപാടുകളെ എം. പി. ശങ്കുണ്ണി നായർ അപഗ്രഥിക്കുന്നതെങ്ങനെ?

12. ആധുനികതയുടെ ചുവന്ന വാൽ എന്നതുകൊണ്ട് നരേന്ദ്രപ്രസാദ് അർത്ഥമാക്കുന്നതെന്താണ്?

13. ആധുനിക നോവലുകളിലെ ആഖ്യാനകലയുടെ പ്രശ്നങ്ങളെ കെ. പി. അപ്പൻ വിലയിരുത്തുന്നതെങ്ങനെ?

14. ചങ്ങമ്പുഴ കവിതകൾ ദുർബലമല്ല മറിച്ച് അവ ശക്തിയുടെ കവിതകളാണെന്ന് ബി. രാജീവൻ സ്ഥാപിക്കുന്നതെങ്ങനെ?

**(4 x 3= 12 വെയ്റ്റേജ്)**

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. കേസരി, മാരാർ, മുണ്ടശ്ശേരി ഇവരുടെ നിരൂപണ സംസ്കാരം മലയാള നിരൂപണത്തെ സ്വാധീനിച്ചതെങ്ങനെ?

16. മലയാളത്തിലെ ആദ്യകാല നിരൂപകരെ പരിചയപ്പെടുത്തി അക്കാലത്തെ നിരൂപണത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

17. മലയാള വിമർശനത്തിലെ സ്ത്രീപക്ഷ നിലപാടുകൾ ഡോ. എം. ലീലാവതി, ജെ. ദേവിക എന്നിവരുടെ വിമർശനങ്ങളെ മുൻനിർത്തി വിലയിരുത്തുക.

18. എം. അൻസാരി, കെ. എം. നരേന്ദ്രൻ, സുനിൽ. പി. ഇളയിടം എന്നിവരുടെ നിരൂപണ വിഷയങ്ങളെ വിശകലനം ചെയ്ത് ഉപന്യാസം എഴുതുക.

**(2 x 5= 10 വെയ്റ്റേജ്)**